പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

15-02-2016 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ. 1603

## നാളികേരോൽപ്പന്നങ്ങൾ പ്രചരിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) നാളികേരത്തിൽ നിന്നും ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) | കേരഫെഡ് നാളികേരത്തിൽ നിന്നും വിവിധ ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് പൗഡർ, കേരജം കേശാമൃത് ഹെയർ ഓയിൽ മുതലായവ നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കേരജം ബ്രാൻഡ് വെളിച്ചെണ്ണയും വെർജിൻ കോക്കനട്ട് ഓയിലും നാളികേരത്തിൽ നിന്നും ഉത്പാദിപ്പിക്കുന്നു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2014-15 ലെ വാർഷിക വിറ്റുവരവ് എത്രയെന്ന് വിശദമാക്കുമോ; | (ബി) | കേരഫെഡിന്റെ 2014-15 ലെ വിറ്റ് വരവ് മൊത്തം 173 കോടി രൂപയാണ്. നാളികേര വികസന കോർപ്പറേഷൻ 2014-2015 ൽ വിപണനം ആരംഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത സ്ഥാപനങ്ങളുടെ ബ്രാഞ്ചുകളോ റീട്ടെയിൽ ഔട്ട് ലെറ്റുകളോ അന്യസംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) | കേരഫെഡിന് നിലവിൽ അന്യസംസ്ഥാനങ്ങളിൽ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ബോംബെ, ചെന്നൈ മുതലായ സ്ഥലങ്ങളിൽ വിതരണ ഏജൻസികൾ ഉണ്ട്. നാളികേര വികസന കോർപ്പറേഷന് അന്യസംസ്ഥാനങ്ങളിൽ ബ്രാഞ്ചുകളോ റീട്ടെയിൽ ഔട്ട് ലെറ്റുകളോ പ്രവർത്തിക്കുന്നില്ല. |
| (ഡി) ഇല്ലെങ്കിൽ അന്യസംസ്ഥാന മാർക്കറ്റുകളിൽ നാളികേര ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | മുകളിൽ പറഞ്ഞ സ്ഥലങ്ങൾക്കു പുറമെ മറ്റ് അന്യസംസ്ഥാനങ്ങളിലും നാളികേര ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ